Draft #15 of File 8780/AC A7/4/2019/Legal Approved by DEPUTY REGISTRAR I (ACADEMIC) on 24-Jul-2019 01:09 PM - Page 1

YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സ്വാശ്രയ ആർ ട്സ് ആൻഡ് സയൻസ് കോളേജുകൾ - കേസരി ആർ ട്സ് ആൻ ഡ് സയൻ സ് കോളേജ്, നോർത്ത് പറവൂർ-അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത- അഫിലിയേഷൻ പിൻവലിക്കാതിരിക്കാൻ നൽകിയ കാരണം കാണിക്കൽ നോട്ടീസിന് സമർപ്പിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ 01/ 07 / 2019 തീയതിയിൽ സർ വകലാശാല സിൻ ഡിക്കേറ്റ് ഹാളിൽ നടന്ന അഫിലിയേഷൻ കമ്മറ്റിയുടെ കണ്ടെത്തലും ശിപാര്ശകളും -സിൻഡിക്കേറ്റ് പരിശോധിച്ച് നോർത്ത് പറവൂർ ,കേസരി ആർ ട്സ് ആൻ ഡ് സയൻസ് കോളേജിന്റെ അഫിലിയേഷൻ റദ്ദ് ചെയ്ത തീരുമാനം -ഉത്തരവ് പുറപ്പെടുവിക്കുന്നു :-

---

**അക്കാദമിക് എ 7 സെക്ഷൻ**

നമ്പർ. 3503/AC A 7/2019/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 24.07.2019

---

പരാമർശം:-1 .സർവ്വകലാശാലാ ഉത്തരവ് നം. 4161/4/2018/എസി എ7 തീയതി 23.05.2018.

2 .സർവ്വകലാശാലാ ഉത്തരവ് നം. 419/2019/എം ജി യു തീയതി 06/02/2019.

3.സർവ്വകലാശാലാ ഉത്തരവ് നം.1775/എസി എ7/2019/എം ജി യു. തിയതി 29/04/2019.

4 .30/04/2019ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നം. 115/19.03/190330&56/19.03/8780/എസി.എ7/4/2019/LEGAL/ഡിഡിഎഫ്എസ്.

5 .1997 ലെ മഹാത്മാഗാന്ധി സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ട്സ് , അദ്ധ്യായം 23 .

6 .കാരണം കാണിക്കൽ നോട്ടീസ് നം. 8780/2019/എം ജി യു തീയതി 27/05/2019.

7 .പ്രസിഡണ്ട്, കേസരി ആർട്സ് ആൻഡ് സയൻസ് കോളേജ്, നോർത്ത് പറവൂർ 03/06/2019-)0 തീയതി സമർപ്പിച്ച കെ എ എസ് സി /1141/2019-20-)0 നമ്പർ വിശദികരണം.

8 .നോട്ടീസ് നം .8780 / 2019 / എം ജി യു .തീയതി 15 / 06 / 2019 .

9 .2019 ജൂൺ മാസം 22 ന് കൂടിയ സിൻഡിക്കേറ്റ് ഉപസമിതി -അഫിലിയേഷൻ നടപടിക്രമങ്ങളുടെ ചുരുക്കം (ഒ എ -1 )

10 .സർവ്വകലാശാലാ ഉത്തരവ് നം .2983 / എസി എ 7 / 2019 / എം ജി യു .തീയതി 28 / 06 / 2019 .

11 .പ്രസിഡണ്ട്, കേസരി ആർട്സ് ആൻഡ് സയൻസ് കോളേജ്, നോർത്ത് പറവൂർ 29/06/2019-)0 തീയതി സമർപ്പിച്ച കെ എ എസ് സി /1151/2019-20-)0 നമ്പർ കത്ത് .

12 .2019 ജൂലൈ മാസം 1 ന് കൂടിയ സിൻഡിക്കേറ്റ് ഉപസമിതി -അഫിലിയേഷൻ നടപടിക്രമങ്ങളുടെ ചുരുക്കം (ഒ എ -1 ).

13 .2019 ജൂലൈ 17 തീയതി രാവിലെ 10.30 ന് ചേർന്ന സിൻഡിക്കേറ്റ് യോഗത്തിന്റെ എക്സ്ട്രാക്റ്റ്സ് -ഇനം .നം .148 / 19.06 / 190492 .

**ഉത്തരവ്**

മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്ന സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജുകളുടെ അഫിലിയേഷൻ വർഷംതോറും പുതുക്കേണ്ടതാണ്. 2018 -19 അധ്യയന വർഷത്തെ അന്വേഷണ കമ്മീഷൻ റിപ്പോർട്ട് പ്രകാരം കേസരി ആർട്സ് ആൻഡ് സയൻസ് നോർത്ത് പറവൂർ കോളേജിന് നിയമപ്രകാരം ഉണ്ടായിരിക്കേണ്ട സ്ഥലം കെട്ടിടം എന്നിവയിൽ ന്യൂനത

(അടുത്തപേജിൽ തുടർച്ച ...............)

കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ മേൽപരാമർശം (1 ) ഉത്തരവ് പ്രകാരം ആയത് പരിഹരിക്കുന്നതിലേയ്ക്കായി 2018-19 അധ്യയന വർഷം കോളേജിന് അഫിലിയേഷൻ പുതുക്കി നൽകേണ്ടതില്ല എന്ന് ഉത്തരവായിരുന്നു .തുടർന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിലെ 03 / 07 / 2018 തീയതിയിലെ റിട്ട് പെറ്റിഷൻ കേസ് നം .18628 / 2018 ,ആയതിനെത്തുടർന്ന് 03 / 08 / 2018 തിയതിയിലെ റിട്ട് അപ്പീൽ നം .1565 / 2018 എന്നിവയിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 2018 -19 അധ്യയനവർഷം അഫിലിയേഷൻ ഉള്ളതായി കണക്കാക്കി ടി കോളേജിനെ ക്യാപ് അഡ്മിഷനിൽ ഉൾപ്പെടുത്തി .തുടർന്ന് മേൽപരാമർശം (2 ) പ്രകാരം നിയോഗിക്കപ്പെട്ട അന്വേഷണ കമ്മീഷൻ ടി കോളേജിന്റെ അടിസ്ഥാന സൗകര്യങ്ങൾ വീണ്ടും പരിശോധിക്കുകയും ചുവടെ ചേർത്തിരിക്കുന്ന കണ്ടെത്തലുകൾ നടത്തുകയും ചെയ്തു .

1. സ്ഥലം 1.18 ഏക്കർ മാത്രമാണ് ഉള്ളത് .
2. 1.85 ഏക്കർ കൈവശത്തിലെന്ന് പറയുന്നുവെങ്കിലും രേഖകളില്ല .
3. കെട്ടിട സൗകര്യം വളരെ പരിമിതവും മുറികൾ ചെറുതും ആണ്.
4. ലൈബ്രറിയിൽ കോഴ്സുകളുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ കുറവാണ്.
5. പ്ലേ ഗ്രൗണ്ട് കൈവശത്തിലെന്ന് പറയുന്ന സ്ഥലത്തിന് ഉടമസ്ഥാവകാശ രേഖകളില്ല.
6. 1.18 ഏക്കർ ഉടമസ്ഥതയിലുണ്ട് എങ്കിലും കേസരി ബാലകൃഷ്ണപിള്ള മ്യൂസിയം രണ്ട് കെട്ടിടങ്ങളിലായി പ്രവർത്തിക്കുന്നു.
7. മുനിസിപ്പാലിറ്റിയുടെ ഗ്രൗണ്ട്, കോളേജ് വിദ്യാർഥികൾക്കായി നൽകിയെന്ന് പറയുന്ന ധാരണാപത്രം വ്യക്തമല്ല.

ടി റിപ്പോർട്ട് അഫിലിയേഷന് വേണ്ടിയുള്ള സിൻഡിക്കേറ്റ് ഉപസമിതി പരിശോധിക്കുകയും, മേൽപരാമർശം (3) പ്രകാരം സർവ്വകലാശാലാ സിൻഡിക്കേറ്റ് ഹാളിൽ 25/04/2019ൽ നടന്ന വാദം കേൾക്കലിൽ സ്ഥല സംബന്ധമായ വിഷയത്തിന് മറുപടിയായി യു ജി സി റെഗുലേഷൻസ് പ്രകാരമുള്ള 5 ഏക്കർ സ്ഥലം എന്ന നിബന്ധന ടി കോളേജിന് ബാധകമല്ല എന്ന് കോളേജ് മാനേജ്മെന്റ് അറിയിച്ചു. ടി വിഷയങ്ങൾ മേൽപരാമർശം (4) പ്രകാരം സർവ്വകലാശാലാ സിൻഡിക്കേറ്റ് പരിശോധിച്ചു .

തുടർന്ന് മേൽപരാമർശം (5) പ്രകാരം അടിസ്ഥാന സൗകര്യങ്ങളിൽ അപര്യാപ്തത ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേസരി ആർട്സ് ആൻഡ് സയൻസ് നോർത്ത് പറവൂർ കോളേജിന്റെ അഫിലിയേഷൻ പിൻവലിക്കാതിരിക്കാനും മേൽ നടപടികൾക്കെതിരെ എന്തെങ്കിലും ബോധിപ്പിക്കാനും ഉണ്ടെങ്കിൽ സർവ്വകലാശാലയെ രേഖാമൂലം അറിയിക്കേണ്ടതാണ് എന്ന് കാണിച്ച് മേൽപരാമർശം(6) പ്രകാരം നോട്ടീസ് നൽകി.

ആയത് സംബന്ധിച്ച് മേൽപരാമർശം(7) പ്രകാരം മാനേജർ കേസരി ആർട്സ് ആൻഡ് സയൻസ് കോളേജ് സമർപ്പിച്ച മറുപടിയിൽ മഹാത്മാ ഗാന്ധി സർവ്വകലാശാലാ ഫസ്റ്റ് സ്റ്റാറ്റിയൂട്ട് അദ്ധ്യായം 23 സ്റ്റാറ്റിയൂട്ട് 12 പ്രകാരം ടി കോളേജിന് കണ്ടീഷണൽ അഫിലിയേഷൻ ലഭിച്ചു എന്നും യു ജി സി റെഗുലേഷൻസ് ടി കോളേജിന് ബാധകമല്ല എന്നും തുടർ അഫിലിയേഷൻ നൽകുമ്പോൾ യൂണിവേഴ്സിറ്റി സ്ഥലം കെട്ടിടം എന്നിവ പരിശോധിക്കേണ്ടതില്ലെന്നും ആയത് കോളേജ് ആരംഭിക്കുന്ന കാലത്ത് യൂണിവേഴ്സിറ്റിക്ക് ബോധ്യപ്പെട്ടതാണ് എന്നും ലൈബ്രറി ബുക്കുകൾ ഉടൻ തയ്യാറാക്കാമെന്നും യൂണിവേഴ്സിറ്റിയിലെ മറ്റുപല കോളേജുകൾക്കും യുജിസി റെഗുലേഷൻസ് പ്രകാരമുള്ള സ്ഥലം കെട്ടിടം എന്നിവ ഇല്ല എന്നും ആയതിനാൽ അഫിലിയേഷൻ പിൻവലിക്കാനുള്ള നടപടി ഉപേക്ഷിക്കണമെന്നും ആവശ്യപ്പെട്ടു. തുടർന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിലെ 10/06/2019 ലെ റിട്ട് പെറ്റിഷൻ കേസ് നം. 14566/2019 ലെ ഇടക്കാല ഉത്തരവ് പ്രകാരം ടി കോളേജിനെ 2019 -20 അധ്യയനവർഷത്തെ CAP അഡ്മിഷനിൽ കൂടി ഉൾപ്പെടുത്തി.

അടിസ്ഥാന പഠന ഭൗതീക സൗകര്യങ്ങൾ ഒരുക്കാതെ സർവ്വകലാശാലാ/യുജിസി നിയമങ്ങളും ചട്ടങ്ങളും ലംഘിച്ചു കൊണ്ടുള്ള കോളേജിന്റെ പ്രവർത്തനം അംഗീകരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ, 1985 ലെ എം ജി സർവകലാശാല ആക്ട് സെക്ഷൻ 72 (1) പ്രകാരമുള്ള നടപടിക്രമങ്ങളുടെ ഭാഗമായി മാനേജർ & പ്രിൻസിപ്പൽ കേസരി ആർട്സ് ആൻഡ് സയൻസ് കോളേജ്, നോർത്ത് പറവൂർ സർവ്വകലാശാലാ സിൻഡിക്കേറ്റ് ഹാളിൽ അഫിലിയേഷൻ കമ്മറ്റി മുൻപാകെ 22/06/2019 തീയതിയിൽ 2 പി എം സമയത്ത് അഫിലിയേഷൻ റദ്ദാക്കാതിരിക്കുവാനുള്ള നോട്ടീസിന്മേൽ വാദം കേൾക്കലിന് ഹാജരാകുവാൻ മേൽപരാമർശം (8) പ്രകാരം നോട്ടീസ് നൽകി .

Draft #15 of File 8780/AC A7/4/2019/Legal Approved by DEPUTY REGISTRAR I (ACADEMIC) on 24-Jul-2019 01:09 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

എന്നാൽ പ്രിൻസിപ്പൽ / മാനേജർ എന്നിവർ ഹിയറിങ്ങിന് ഹാജരായില്ല.ടി വിഷയം മേൽപരാമർശം (9) പ്രകാരം അഫിലിയേഷന് വേണ്ടിയുള്ള സിൻഡിക്കേറ്റ് ഉപസമിതി പരിശോധിക്കുകയും ഹിയറിങ്ങിനായി ഒരു അവസരം കൂടി നൽകുവാനും 01 / 07 / 2019 തീയതിയിൽ സർവ്വകലാശാലാ സിൻഡിക്കേറ്റ് ഹാളിൽ നടക്കുന്ന അടുത്ത അഫിലിയേഷൻ കമ്മറ്റി മുൻപാകെ രാവിലെ 11 എ എം ന് (അടുത്തപേജിൽ തുടർച്ച ...............)
ഹാജരാകുവാന് നൽകിയ ശിപാർശ 1985 ലെ എം ജി സർവ്വകലാശാലാ ആക്റ്റ് സെക്ഷൻ 3.10 (17 ) പ്രകാരമുള്ള സിന്ഡിക്കേറ്റിന്റെ അധികാരമുപയോഗിച്ച് ബഹുമാനപ്പെട്ട വൈസ്ചാൻസലർ അംഗീകരിച്ചു .മേൽപരാമർശം (10 ) പ്രകാരമുള്ള ഉത്തരവ് രേഖാമൂലം കോളേജിന് കൈമാറി .

എന്നാൽ 01 / 07 / 2019 ൽ നടന്ന ഹിയറിങ്ങിലും പ്രിൻസിപ്പൽ /മാനേജർ എന്നിവർ ഹാജരായില്ല .ഹിയറിങ്ങിൽ ഹാജരാകുന്നത് സംബന്ധിച്ച് മേൽപരാമർശം (11 ) പ്രകാരം മാനേജർ സർവ്വകലാശാലയിൽ നൽകിയ കത്തിൽ ഹിയറിങ്ങുമായി ബന്ധപ്പെട്ട് സർവ്വകലാശാലയിൽ വിശദീകരണം നൽകുവാൻ സർവ്വകലാശാല കുറച്ച്കൂടി വിപുലമായ നോട്ടീസ് നൽകണമെന്നും ആവശ്യപ്പെട്ടു .

2019 ജൂലൈ മാസം 1 ന് കൂടിയ സിൻഡിക്കേറ്റ് ഉപസമിതി -അഫിലിയേഷൻ മേൽപരാമർശം (12 ) പ്രകാരം ടി വിഷയത്തിൽ കൈക്കൊണ്ട ചുവടെ ചേർത്തിരിക്കുന്ന കണ്ടെത്തലുകളുടേയും ശിപാർശകളുടേയും അടിസ്ഥാനത്തിൽ

മേൽപരാമർശം (13 ) പ്രകാരം വിഷയം പരിഗണിച്ച സിൻഡിക്കേറ്റ്

1997 ലെ മഹാത്മാഗാന്ധി സർവ്വകലാശാലാ സ്റ്റാറ്റിയൂട്ട്സ് അദ്ധ്യായം 23 ൽ വിവരിച്ചതിൻപ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങളിലെ അപര്യാപ്തത റിപ്പോർട്ട് ചെയ്യപ്പെട്ട സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജായ കേസരി ആർട്സ് ആൻഡ് സയൻസ് നോർത്ത് പറവൂർ കോളേജിന് ടി ന്യൂനത പരിഹരിക്കാൻ നൽകപ്പെട്ട നടപടിക്രമങ്ങൾ ,വിവിധ അന്വേഷണ കമ്മീഷൻ റിപ്പോർട്ടിലെ കണ്ടെത്തലുകൾ ,ടി കണ്ടെത്തലുകൾ സംബന്ധിച്ച് സർവ്വകലാശാലാ സിൻഡിക്കേറ്റ് ഹാളിൽ നടന്ന ഹിയറിങ്ങിൽ ടി കോളേജ് മാനേജ്മെന്റ് അഫിലിയേഷൻ കമ്മറ്റി മുൻപാകെ നൽകിയ പ്രതിവാദപത്രിക, കോളേജിന് നൽകിയ അഫിലിയേഷൻ റദ്ദാക്കാതിരിക്കാനുള്ള വിശദമായ കരണംകാണിക്കൽ നോട്ടീസ് ,ആയതിനുള്ള മറുപടി ,തുടർന്ന് രണ്ട് തവണ ഹിയറിങ്ങിന് ടി കോളേജ് മാനേജ്മെന്റ് ഹാജരാകാതിരുന്നത് സംബന്ധിച്ച വിഷയങ്ങൾ എന്നിവ സിൻഡിക്കേറ്റ് വിശദമായി പരിശോധിക്കുകയും സർവ്വകലാശാലാ സ്റ്റാറ്റിയൂട്ട്സ് ,റെഗുലേഷൻസ് ,ഉത്തരവുകൾ എന്നിവ ടി കോളേജിൽ പാലിക്കപ്പെടുന്നില്ല എന്ന് 1985 ലെ എം ജി സർവ്വകലാശാലാ ആക്ട് സെക്ഷൻ 86 പ്രകാരമുള്ള ഉത്തമബോധ്യത്തിന്റെ അടിസ്ഥാനത്തിൽ 1985 ലെ എം ജി സർവ്വകലാശാലാ ആക്റ്റ് സെക്ഷൻ 72 (1 ) പ്രകാരം കേസരി ആർട്സ് ആൻഡ് സയൻസ് നോർത്ത് പറവൂർ കോളേജിന്റെ അഫിലിയേഷൻ റദ്ദ് ചെയ്യുവാനും, നിലവിൽ അധ്യയനം തുടരുന്ന വിദ്യാർഥികൾക്ക് കോഴ്സ് പൂർത്തിയാക്കുവാനും ബന്ധപ്പെട്ട പരീക്ഷകൾ സർവ്വകലാശാലാ നിശ്ചയിക്കുന്ന കേന്ദ്രങ്ങളിൽ നടത്തുവാനും 1997 ലെ മഹാത്മാഗാന്ധി സർവകലാശാല സ്റ്റാറ്റിയൂട്ട്സ് അദ്ധ്യായം 23 സ്റ്റാറ്റിയൂട്ട് 14 പ്രകാരം ടി തീരുമാനം സെനറ്റിൽ റിപ്പോർട്ട് ചെയ്യുവാനും തീരുമാനിച്ചു .

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു .

രമേഷ് നാരായൺ

ഡപ്യൂട്ടി രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

Draft #15 of File 8780/AC A7/4/2019/Legal Approved by DEPUTY REGISTRAR I (ACADEMIC) on 24-Jul-2019 01:09 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

പകർപ്പ്

1 .പ്രിൻസിപ്പൽ,കേസരി ആർട്സ് ആൻഡ് സയൻസ് കോളേജ് ,നോർത്ത് പറവൂർ .

2 . കൺവീനർ ,സിൻഡിക്കേറ്റ് ഉപസമിതി (അഫിലിയേഷൻ സംബന്ധിച്ച )

3 .വി സി / പി വി സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ .

4 .റെജിസ്റ്റർ / എഫ് ഒ / സി ഇ എന്നിവരുടെ പി എ

5 .ജെ ആർ-2 (ഭരണം ),ഡി ആർ -1 / എ ആർ -1 (അക്കാടമിക് )ജെ .ആർ -1 ( പരീക്ഷ )

6.ബന്ധപ്പെട്ട ടാബുലേഷൻ സെക്ഷനുകൾ , എ .ആർ / ഡി ആർ / ജെ ആർ (പരീക്ഷ )

7 .കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് , എം ജി സർവകലാശാല

8 .എസി സി -1 ,2 (സിൻഡിക്കേറ്റ് സെക്ഷൻ ),എസി ബി 6,എസി എ 1,8 ,ബന്ധപ്പെട്ട ഓഡിറ്റ് സെക്ഷനുകൾ .കണ്ടന്റ് മാനേജ്‌മെന്റ് സെക്ഷൻ / ഐ ക്യ യൂ എ സി .

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #15 of File 8780/AC A7/4/2019/Legal Approved by DEPUTY REGISTRAR I (ACADEMIC) on 24-Jul-2019 01:09 PM - Page 4